# പതിമൂന്നാം കേരള നിയമസഭ

12-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 159 08.12.2014-ന് മറുപടിയ്ക്ക്

## കരുണാ എസ്റ്റേറ്റ് അനധികൃതമായി കൈവശം വച്ചിട്ടുള്ള വനഭൂമി

**ചോദ്യം**

ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ.എ.കെ.ബാലൻ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.പി.ശ്രീരാമകൃഷ്ണൻ

(എ) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട 786 ഏക്കർ വനഭൂമി നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) അനധികൃതമായി കൈവശംവെച്ച് വരുന്നതായി സർക്കാരിനറിയാമോ;

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്), ആക്ട് 1971 പ്രകാരമാണ് സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്നതും തുടർന്ന് സെക്ഷൻ 3(1) പ്രകാരം വനഭൂമിയായി സംരക്ഷിക്കപ്പെടുന്നതും. 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്ന സ്ഥലങ്ങൾ റവന്യൂ ഭൂമികളാണ്. കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്), ആക്ട് 1971 പ്രകാരം, വനം വകുപ്പ് കരുണ പ്ലാന്റേഷനിൽ 569 ഏക്കർ സ്ഥലം ഏറ്റെടുക്കുകയുണ്ടായെങ്കിലും, ഫോറസ്റ്റ് ട്രിബ്യൂണലിലും, ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും നടന്ന വിവിധ കേസുകൾക്കൊടുവിൽ വനമായി വിധിക്കപ്പെട്ട് സംരക്ഷിച്ചുവരുന്ന വനഭൂമി 36.3544 ഹെക്ടർ (89.83 ഏക്കർ) ആകുന്നു. കൂടാതെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്), 2003 പ്രകാരം 13.59 ഏക്കറും വനഭൂമിയായി നിലനിൽക്കുന്നു. കേരള ഭൂപരിഷ്കരണ നിയമം 1963 പ്രകാരമുള്ള നടപടികളും നിയന്ത്രണങ്ങളും റവന്യൂ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളായതിനാൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്), ആക്ട് 1971 നിലവിൽ വരുന്നതിനുമുമ്പ് ഈ തോട്ടം ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതുണ്ടോ എന്ന് റവന്യൂ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി പോബ്സ് എസ്റ്റേറ്റു കാർക്ക് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എൻ. ഒ. സി. നൽകിയതെപ്പോഴായിരുന്നു; ഇതേ തുടർന്ന് ചിറ്റൂർ അഡീഷണൽ തഹസിൽദാർ ഭൂമി പോക്കുവരവ് ചെയ്തതായി വകുപ്പിന് അറിയാമോ; ഇതു സംബന്ധമായി ഉയർന്നുവന്ന ആക്ഷേപങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചത് എപ്പോഴായിരുന്നു;

(ബി) 23.07.2013 ൽ ചിറ്റൂർ അഡീഷണൽ തഹസിൽദാർ 492, 493, 494 സർവ്വെ നമ്പരുകളിൽ ഭൂമിക്ക് കരം സ്വീകരിക്കാവുന്നതാണോ എന്ന് ആരാഞ്ഞുകൊണ്ട് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് അയച്ചിരുന്നു. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും സർക്കാർ ജി.ഒ. (ആർ.ടി) നം. 04/2013/വനം തീയതി 02.01.2013 ഉത്തരവ് പ്രകാരം രൂപീകരിച്ച സ്പെഷ്യൽ ടീമിന്റെ പരിശോധനയുടെ അടിസ്ഥാനത്തിലും ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ ഫീൽഡ് പരിശോധനയ്ക്കുശേഷം ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ചിറ്റൂർ അഡീഷണൽ തഹസിൽദാരുടെ കത്തിന് മറുപടിയായി നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള 314.4508 ഹെ. വനഭൂമിയല്ലാത്ത സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് വിരോധമില്ലായെന്ന് സി2-8521/2012 തിയ്യതി 28/04/2014 പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചിരുന്നു. എന്നാൽ അഡീഷണൽ തഹസിൽദാർ 28.05.2014 ന് പുറപ്പെടുവിച്ച നടപടിക്രമപ്രകാരം ടി സ്ഥലം പോക്കുവരവ് ചെയ്യുന്നതിനായി അനുമതി നൽകിയതായി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അദ്ധ്യക്ഷനായുള്ള കമ്മിറ്റി 15..07..2014-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

(സി) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ വനംവകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വനം വകുപ്പ് സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമവിരുദ്ധമായി നൽകിയ എൻ. ഒ. സി., ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റദ്ദ് ചെയ്തിട്ടുണ്ടോ; ഈ പ്രശ്നത്തിൽ വനം വകുപ്പ് രൂപം നൽകിയ ഉപസമിതിയുടെ നിഗമനം, വസ്തുതകൾ

(സി) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെന്മാറ ഡി.എഫ്.ഒ. നിയമവിരുദ്ധമായി നൽകിയ എൻ.ഒ.സി. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളയുടെ 8.7.2014 ലെ പ്രൊ. (11) 21741/2014 ലെ തുടർ നിർദ്ദേശം അനുസരിച്ചും പ്രസ്തുത നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കരം തീർക്കുന്നതിന് വനം വകുപ്പിന് തടസ്സമില്ല എന്ന് വ്യക്തമാക്കിയ എതിർപ്പില്ലാരേഖ പ്രകാരമുള്ള എല്ലാ തീരുമാനങ്ങളും നിർത്തലാക്കേണ്ടതിന് ചിറ്റൂർ തഹസിൽദാർക്ക് 08.07.2014 ന് അറിയിപ്പ്

| | | | |
|---|---|---|---|
| | ബോധപൂർവ്വം മറച്ചുപിടിച്ചുകൊണ്ടുള്ളതായിരുന്നു എന്ന ആരോപണം ശരിവെയ്ക്കുന്ന നിലയിലാണോ ലാന്റ് ബോർഡ് സെക്രട്ടറിയുടെ കണ്ടെത്തലുകൾ; വിശദമാക്കാമോ; | | നൽകിയിട്ടുണ്ട്.<br>സർക്കാർ ഉത്തരവ് (സാധാ) നം 230/2014/വനം തിയതി 31.05.2014 പ്രകാരം സർക്കാർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് , അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിച്ച മൂന്നംഗ സമിതിയുടെ റിപ്പോർട്ട് പ്രകാരം കരം ഒടുക്കാൻ അനുമതി നൽകിയതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്തുനിന്നും തെറ്റുകൾ ഒന്നും ഇല്ലായെന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വനംവകുപ്പിന് ലഭിച്ചിട്ടില്ല. |
| (ഡി) | നിക്ഷിപ്ത ഭൂമി സ്വകാര്യ വ്യക്തിക്ക് കൈവശപ്പെടുത്തുന്നതിന് കൂട്ടുനിന്ന വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ്; ഇവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ; | (ഡി) | MFA 574/89, 106/90 എന്നിവയിലുള്ള ബഹു. ഹൈക്കോടതിയുടെ പൊതു ഉത്തരവ് പ്രകാരവും ആയത് സുപ്രീം കോടതയിൽ ശരിവെച്ചതുപ്രകാരവും നിക്ഷിപ്തമാക്കപ്പെട്ട വനഭൂമി 89.83 ഏക്കറാകുന്നു. ഇത് വനം വകുപ്പിന്റെ സംരക്ഷണയിലുമാണ്. |
| (ഇ) | ഇതുപോലെ സ്വകാര്യ വ്യക്തികൾ നിയമവിരുദ്ധമായി വനഭൂമി കൈവശംവെച്ച് പോരുന്നതായി ആക്ഷേപം ഉന്നയിക്കപ്പെട്ട എല്ലാ കേസുകളിലും വിദഗ്ദ്ധ പരിശോധന നടത്താൻ ഉത്തരവ് പുറപ്പെടുവിക്കുമോ? | (ഇ) | ഈസ്റ്റേൺ സർക്കിളിലെ ഇത്തരം കേസ്സുകളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി സർക്കാർ ജി.ഒ. (ആർ.റ്റി) നമ്പർ 04/2013/വനം തീയതി: 02..01..2013 ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല 01.01.1977 ന് ശേഷമുണ്ടായ പൊതു കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ വനം വകുപ്പ് നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ